(ഡി) ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചശേഷം ബാങ്കുകൾവഴി വിതരണം നടത്താൻ കഴിയില്ല എന്ന നിലപാട് ദേശസാൽകൃത ബാങ്കുകൾ സ്വീകരിക്കുകയുണ്ടായോ ;

(ഇ) ശമ്പള വിതരണം സംസ്ഥാനത്തെ ഷെഡ്യൂൾഡ് ബാങ്കുകൾവഴി വിതരണം നടത്തുവാൻ നടപടി സ്വീകരിക്കുകയുണ്ടായോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) ATM ലൂടെ സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം എന്നു മുതൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം കൂടുതൽ സുഗമമാക്കുന്നതിനായി ട്രഷറികളിൽ ടെല്ലർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ശമ്പള വിതരണത്തിലെ പേ ഓർഡർ ചെക്കുകൾ കാലോചിതമായി പരിഷ്കരിച്ച് MICR ചെക്കുകളാക്കിയിട്ടുണ്ട്. ശമ്പള വിതരണം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെയും കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി നടപ്പിലാക്കുന്ന സർവ്വീസ് ആന്റ് പേറോൾ അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററി ഫോർ കേരള (SPARK) സംവിധാനം ഒന്നരലക്ഷം ജീവനക്കാർക്ക് ഇതിനോടകം പ്രയോജനമായിട്ടുണ്ട്. 3-12-2010-ലെ സ.ഉ. (പി) 658/10/ധന പ്രകാരം സ്വയം ബില്ലെഴുതി ശമ്പളം മാറുന്ന ഓഫീസർമാരുടെ 1-1-2011 മുതലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും ട്രഷറി സേവിംഗ്സ് ബാങ്ക്വഴി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സർവ്വീസ് ആന്റ് പേറോൾ അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററി ഫോർ കേരള (SPARK), 5-11-2005-ലെ ജി.ഒ.(എംഎസ്.)392/2005/ജി.എ.ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ 2005 മുതൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയുണ്ടായി.

(സി-ഇ) ഇല്ല.

(എഫ്) ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോഗ്രാമി (ITMP)-ന്റെ ഭാഗമായി സർക്കാർ ജീവനക്കാരുടെ ശമ്പളം ATM ലൂടെ വിതരണം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

ജീവനക്കാരുടെ ശമ്പള വിതരണം

168 (234) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാരുടെ ശമ്പളം സേവിംഗ്സ് ബാങ്ക് അക്കൗണ്ട്വഴി വിതരണം ചെയ്യുന്ന പദ്ധതി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിലേക്കായി സംസ്ഥാന ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വയം ശമ്പളം എഴുതി മാറുന്ന എല്ലാ ജീവനക്കാരുടേയും ശമ്പളം 1-1-2011 മുതൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിന് 3-12-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 658/10/ ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാന ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

സംസ്ഥാന ജീവനക്കാരുടെ ശമ്പളം എ.റ്റി.എം. ലൂടെ വിതരണം

169 (235) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളം എ.റ്റി.എം. ലൂടെ വിതരണം നടത്തുവാൻ സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നുമുതൽ ഈ സംവിധാനം നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) നാളിതുവരെ ജീവനക്കാർക്ക് ഈ സൗകര്യം ഏർപ്പെടുത്താൻ കഴിയാതിരുന്നതിനുള്ള കാരണം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സംവിധാനം നടപ്പിലാക്കുന്നതിന് റിസർവ്വ് ബാങ്ക് എന്തെങ്കിലും സാങ്കേതിക തടസ്സം ഉന്നയിച്ചിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കി ജീവനക്കാരുടെ ശമ്പളം എ. റ്റി. എം.-ലൂടെ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രഷറികളിൽ കമ്പ്യൂട്ടർവൽക്കരണത്തോടനുബന്ധമായി എ.ടി.എം. സ്ഥാപിക്കുന്നതിന് മുന്നോടിയായി കോർ ബാങ്കിംഗ് സംവിധാനവും ഹൊറിസോണ്ടർ കണക്റ്റിവിറ്റിയും അത്യാവശ്യമായിട്ടുണ്ട്. ഈ രണ്ടു സംവിധാനവും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യയുടെ വികസിപ്പിക്കലും മാറ്റവും അതിനോടൊപ്പം ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനവും പൂർത്തീകരിക്കാൻ കഴിയാത്തതും ഈ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly